# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 3896** **21.06.2018- ൽ മറുപടിയ്ക്ക്**

## നോട്ട് നിരോധനം സഹകരണ മേഖലയിൽ വരുത്തിയ ആഘാതങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നോട്ട് നിരോധനം കേരളത്തിലെ സഹകരണ മേഖലയ്ക്ക് വരുത്തി വെച്ചിട്ടുള്ള ആഘാതങ്ങൾ എന്തൊക്കെയാണ്; വിശദവിവരം നൽകുമോ; | (എ) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ഒരാഴ്ചയിൽ 24,000/- രൂപ മാത്രമേ ഒരു അക്കൗണ്ടിൽ നിന്നും പിൻവലിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. സഹകരണ മേഖലയിലെ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തുച്ഛമായ മേൽ തുക അപര്യാപ്തമായിരുന്നു. സാധുവായ കറൻസി ഉപയോഗിച്ച് നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ വായ്പാ വിതരണവും, തിരിച്ചടവും നിക്ഷേപവുമുൾപ്പെടെ ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ നടത്തുന്ന പ്രാഥമിക സംഘങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങി. പ്രാഥമിക സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച തുക ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം പ്രാഥമിക സംഘങ്ങൾക്ക് നഷ്ടത്തിന് കാരണമായി. സഹകരണ മേഖലയെ ആശ്രയിക്കുന്ന ഗ്രാമീണ ജനതയുടെ ദൈനംദിന സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ വന്നു.<br>സാധ്യമായ കറൻസി ഉപയോഗിച്ച് നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. |

| | | | |
|---|---|---|---|
| | | | സംഘങ്ങളുടെ പ്രധാന പ്രവർത്തനമായ വായ്പാ വിതരണവും തിരിച്ചടവും, നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. ആവശ്യമായ നിക്ഷേപ തുക പിൻവലിക്കുവാൻ കഴിയാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാതിരുന്നത് ജനജീവിതം ദുരിതപൂർണ്ണമായി. സഹകരണ ബാങ്കുകൾ/സംഘങ്ങളുടെ വായ്പാകുടിശ്ശിക വർദ്ധിച്ചു. ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തതയെ നോട്ട് പിൻവലിക്കൽ മൂലമുണ്ടായ പ്രതിസന്ധി പ്രതികൂലമായി ബാധിച്ചു.<br>നോട്ട് നിരോധനത്തിന് ശേഷം സഹകരണ ബാങ്കുകളുടെ അറ്റനിക്ഷേപത്തിൽ 6386.18 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. സഹകരണ ബാങ്കുകൾ നൽകിയ വായ്പയിൽ ഏകദേശം 30 ശതമാനം കുറവ് വന്നിട്ടുണ്ട്. വായ്പാ തിരിച്ചടവിൽ 44.2% കുറവ് വന്നിട്ടുണ്ട്. സംസ്ഥാനത്തിന്റെ വാർഷിക വളർച്ചാനിരക്കിൽ കുറവുണ്ടായിട്ടുള്ളതായും സംസ്ഥാന പ്ലാനിംഗ് ബോർഡ് നടത്തിയിട്ടുള്ള പഠനത്തിൽ വ്യക്തമായിട്ടുണ്ട്. |
| (ബി) | ഈ സാഹചര്യത്തിൽ വന്നുചേർന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്? | (ബി) | നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിലേക്കായി, നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ |

| | | | |
|---|---|---|---|
| | | | കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. മേൽ നടപടികളുടെ അടിസ്ഥാനത്തിൽ നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധിയെ മറികടക്കുവാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**